## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3268

14.03.2018 ൽ മറുപടിക്ക്

### സിയാൽ മാതൃകയിൽ പുതിയ പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. അനിൽ അക്കര** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | സിയാൽ മാതൃകയിൽ സർക്കാർ ഓഹരി നിക്ഷേപത്തോടെ സംസ്ഥാനത്ത് പുതിയ പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ; | (എ) | റബ്ബറിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായും റബ്ബർ കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും വേണ്ടി CIAL മാതൃകയിൽ സർക്കാർ ഓഹരി പങ്കാളിത്തത്തോടെ ഒരു കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ തയ്യാറാക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിദഗ്ധരുമായി കൂടിയാലോചിച്ച് കെ എസ് ഐ ഡി സി പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. |
| (ബി) | മുൻസർക്കാരിന്റെ കാലത്ത് ഇപ്രകാരം ആരംഭിക്കുവാൻ നിശ്ചയിച്ചിരുന്ന കേരള ബസ്സ് ഷെൽട്ടർ കമ്പനി, പൊതു ടോയിലെറ്റ് കമ്പനി എന്നിവയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ഉണ്ട്. **സ.ഉ (കൈ) 19/2013/പൊമവ തീയതി 27.02.2013** പ്രകാരം പ്രതീക്ഷ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്, **സ.ഉ (കൈ) 20/2013/പൊമവ തീയതി 27.02.2013** പ്രകാരം ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്നീ കമ്പനികൾ രൂപീകരിച്ചിട്ടുണ്ട്. |

Bindu.T

**സെക്ഷൻ ഓഫീസർ**